നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണം

104(320) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സംസ്ഥാന കൺസ്യൂമർ ഫെഡിന്റെ നിയന്ത്രണത്തിൽ നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഈ കാലഘട്ടത്തിലെ കൺസ്യൂമർ ഫെഡിന്റെ മൊത്തം വിറ്റുവരവ് എത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2000-ലെ ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് വൻതോതിലുള്ള ക്രമീകരണങ്ങൾ കൺസ്യൂമർ ഫെഡ് ഏർപ്പെടുത്തിയിരിന്നു. നീതി സ്റ്റോറുകൾ വഴിയും ജില്ലാ മൊത്തവ്യാപാര സ്റ്റോറുകൾ വഴിയും കൺസ്യൂമർ ഫെഡിന്റെ ചില്ലറ വില്പനശാലകൾ വഴിയും ഓണക്കാലത്ത് ഫെഡറേഷൻ പ്രത്യേകമായി സംഘടിപ്പിച്ച ഓണച്ചന്തകൾ വഴിയും പ്രധാനപ്പെട്ട ആറിനം നിത്യോപയോഗ സാധനങ്ങളായ അരി, പഞ്ചസാര, വെളിച്ചെണ്ണ, വറ്റൽമുളക്, ഗ്രീൻഗ്രാം, തുവരപ്പരിപ്പ് എന്നിവ സബ്സിഡി നിരക്കിൽ വില്പന നടത്തുകയുണ്ടായി. ഇതിനായി 17,000 ടൺ ഭക്ഷ്യസാധനങ്ങൾ സംഭരിക്കുകയും ഈ വകയിൽ 14,33,85,940 രൂപയുടെ വില്പന നടത്തുകയുമുണ്ടായി.

(ബി) 2000 ഓണക്കാലത്ത് കൺസ്യൂമർ ഫെഡിന്റെ മൊത്തം വിറ്റുവരവ് 19,50,53,749 രൂപയായിരുന്നു.

മീനടം പ്രിയദർശിനി സ്പിന്നിംഗ് മിൽ

105(321) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ മീനടം പ്രിയദർശിനി സ്പിന്നിംഗ് മില്ലിന് സംസ്ഥാന സഹകരണ ബാങ്ക് ദീർഘകാല വായ്പ നൽകുവാൻ തീരുമാനിച്ചിരുന്നുവോ ;

(ബി) എങ്കിൽ എന്നാണ് തീരുമാനിച്ചത് എന്നും എത്ര രൂപ ടേം ലോണായി നൽകുവാനാണ് തീരുമാനിച്ചത് എന്നും വ്യക്തമാക്കാമോ ;

(സി) ഈ ലോൺ സ്പിന്നിംഗ് മില്ലിന് നൽകുവാൻ സാധിക്കാതെ പോയിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാന സഹകരണ ബാങ്കിന് ജില്ലാ ബാങ്ക് വഴി അല്ലാതെ പ്രാഥമിക സഹകരണ ബാങ്ക് വഴി വായ്പ നൽകുവാൻ നിലവിലുള്ള ചട്ടങ്ങൾ അനുവദിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly